## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 2345

23.03.2012 ൽ മറുപടിയ്ക്ക്

# ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. വി.പി. സജീന്ദ്രൻ:<br>ശ്രീ. സി.പി. മുഹമ്മദ്: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പു മന്ത്രി) |
| എ. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കു മോ;<br><br>ബി. ഇതു സംബന്ധിച്ച് പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | എ. & ബി. 24/8/2011ലെ സ.ഉ. (കൈ) നമ്പർ:260/2011/ പൊ.ഭ.വ പ്രകാരം സംസ്ഥാന ത്ത് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ച് ഉത്തരവായി. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനാവശ്യമായ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ പരിശോധിച്ചു വരുന്നു. |
| സി. പ്രസ്തുത കോർപ്പറേഷൻ കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | സി. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ നൽകുക, ടി വിഭാഗത്തിന്റെ സമഗ്രമായ വികസന പ്രവർത്തനങ്ങൾക്കായി ഇതര രീതിയിലുള്ള ധനസഹായം നൽകുക, ഇവർക്കിടയിലെ സ്വയംസഹായ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുക, ബഹുമുഖ പരിശീലന പദ്ധതികൾ പോഷിപ്പിക്കുക തുടങ്ങിയവയാണ് പ്രസ്തുത കോർപ്പറേഷൻ വിഭാവനം ചെയ്യുന്നത്. കൂടാതെ ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന കൂടുതൽ സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കാൻ കഴിയും. |
| ഡി. പ്രസ്തുത കോർപ്പറേഷൻ എന്നത്തേക്കു പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നു വ്യക്തമാക്കുമോ? | ഡി. 2012-13 സാമ്പത്തിക വർഷം കോർപ്പറേഷൻ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ